ജൂലൈ 2024



# GREGORIAN
## PARISH BULLETIN

മരുഭൂമിയിലെ പരുമല

**ST. GREGORIOS ORTHODOX CHURCH SHARJAH**



ESTD : 1979 Vol 07/2024 JULY 2024 / Pages 8



# Cheerful
## Good Bye to you All !

Dearly beloved in Christ,
Prayerful and Loving Greetings to you all.


My tenure as the Vicar of this parish has been completed on 30th June 2024. I have relieved on superannuation with effect from 1st July 2024 from the Diocese of Delhi after completing Thirty-Eight and a half years of service. When I look back, I have nothing to boast, rendering praise and thanks to Almighty God for His uncountable blessings and divine providences showered upon me on the onward journey of progress. I firmly believe and owed to witness that "God is great and His greatness is unsearchable, what shall I render to Him for His benefits poured upon me, I will call upon His name and offer my vows to God in the court of our Lord's temple in the midst of all people". Thank God for He has used me as an instrument in His hand for the glory of His name and to earn a good name and fame for our ancient church through this feeble servant in the National Capital Region and other parts of the Diocese of Delhi.

God has granted me an opportunity to serve Sharjah Parish for the period from 12th February 2021 to 30th June 2024. I am leaving from this place with utmost satisfaction and confidence that I have tried my level best to discharge my duties and responsibilities reposed in me as the Vicar of the Parish. I have joined here at a crucial time especially with Covid Pandemic situation and certain administrative crisis arose in this Parish. God has given me grace and strength to overcome the difficulties from time to time. I thankfully remember and acknowledge the support and cooperation of the Ecclesiastical Authorities and Local Authorities especially His Highness the Ruler's Office and other Depts. I am indebted to the Ecumenical Clergy Fellowship, Y.M.C.A, Indian Association Sharjah, for their patronage and harmony during my tenure here. I place on record my gratitude and regards to the previous Asst. Vicar and current Asst. Vicar, Officials of the Church and Parish, the Members of the Managing Committees and Charity Committees, the Office bearers and Members of all Spiritual Organizations, the Secretaries and Members of Area Prayer Groups, and the Church Choir, Members of the ShrushakaSanghom for their cooperation, respect and regards extended to me during my tenure.

May the Almighty God guide and guard this Parish to new heights of progress by the constant intercession of our Patron Saint Mar Gregorios of Parumala to splendor the glory and spread out the fragrance of the title "Marubhoomiyile Parumala".

Thanks and regards to everyone who associated with me in one way or the other and those who are in touch with me during my Priestly Service here in Sharjah, U.A.E. Seeking everybody's prayers for a peaceful and healthy future life.

May God Bless.
Cor Episcopos Philip M. Samuel



**ഗ്രീഗോറിയൻ**

**ജൂലൈ – 2024**

**മിഥുനം–കർക്കിടകം 1199**

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
**ലക്കം : 07/2024**


MY LORD AND MY GOD


**റവ. ഫാ. ഡോ. അഡ്വ. ഷാജി ജോർജ്ജ്**
(വികാരി)

**റവ. ഫാ. ജിജോ തോമസ് പുതുപ്പള്ളി**
(സഹ. വികാരി)

**ശ്രീ. തോമസ് തരകൻ എം. ഒ.**
(ഇടവക ട്രസ്റ്റി)

**ശ്രീ. ബിനു മാത്യു**
(ഇടവക സെക്രട്ടറി)

**ശ്രീ. ജോബിൻ വർഗ്ഗീസ്**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. ജോജി റ്റി. മാത്യു**
(ഇടവക പ്രതിനിധി)



പ്രസാധകർ
**ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ്**
**ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)



**ഗ്രീഗോറിയനിലേക്കുള്ള**
**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും**
**അയയ്ക്കേണ്ട വിലാസം**
***Email : gulfparumala@gmail.com***




# *Our Apostle*
# St.Thomas



Dearly Beloved, Psalms 132.1, It gives me immense pleasure to greet you in the precious name of the Risen Christ. At the outset, let give thanks to the Almighty for giving a chance to be together for praising the Lord's name not only in words but in minds and lives. As Orthodox Christians we have the strong faith that we belong to the community which undoubtedly claim that we are the followers of St. Thomas and have pride to be called as St. Thomas Christians. In the month of July we reaffirm the faith and feel pride in taking intercession of St. Thomas throughout.

when we commemorate St. Thomas, the apostle of India, I would like to draw your attention to two verses in the Holy Bible.

1. St. John 11: 15-16.
2. St. John 14 : 1-7.

When we turn the pages of the Holy Bible, it gives us some insights, why because these letters are written by the inspiration, insights and vision provided by the Holy Spirit. Lord, Jesus had chosen twelve disciples for mainly two purposes firstly, to be with Him and secondly, to be the witnesses of the miracles happens by the Almighty. The disciples did justification to those aims and participated throughout. We can see many occasions the large crowd followed Jesus and listen to the words of wisdom. Let me mention the above three occasions very briefly.

In St. John 11:15-16, the chapter begins with the narration of the family, whom Jesus, loved so much. The family in Bethany, where Lazarus was the brother of Mary and her sister Martha. Holy Bible says as when Lazarus was sick, the sisters sent a word to Jesus, " Lord, the one you love is sick". After a deep conversation with the disciples and others, Jesus left for Judea. Before reaching Judea, Jesus got the message that Lazarus is no more. But Jesus said, 'Our friend Lazurus has fallen asleep; but I am going there to wake him up'.

When we focus on verse14, " So then he told them pliainly, Lazarus is dead, and for your sake I am glad I was not there, so that you may believe. But let us go to him". Then Thomas (called Didymus said tho rest of the disciples, "Let us also go,that we may die with him". Thus we should have a spiritual uplift in us, to be with Jesus throughout our life.

St. John 14: 1 -7, where Jesus comforts his disciples, by saying, "Do not let your hearts be troubled. Trust in God, trust also in me. In my Father's house are many rooms; if it were not so, I would have told you. I am going there to prepare a place for you, I will come back and take you to be with me that you also may be where I am. You know the way to the place where I am going".

Thomas said to him, "Lord, we don't know where you are going, so how can we know the way?" Jesus answered, "I am the way and the truth and the life".

Thus, by meditating on these portions, let us rededicate ourselves in our spiritual life.

Yours in His service

SHAJI ACHEN.

Very Revd. Philip M Samuel Corepiscopa Achen, is known to me for the past many years. By God's will, I had been the successor in many parishes. Achen, served the Diocese for 38 years, and as per the rules of the church, he is retiring. At the outset let me pray to the Almighty for all the blessings in the rest period of his life. Kochamma, was the Principal of St. Pauls School, Aya Nagar. Both the children were very good and working with great enthusiasm for the church. Achen's good qualities are beyond my explanations and interpretations. Let me wish Achen and his family, Good Luck, and requesting your prayers for our families.

Co - Vicar's Message

# വാശിക്കാരൻ വിശുദ്ധൻ





പിടിവാശിക്കാരനായിരുന്നു ആ യുവാവ്. ആഗ്രഹിച്ചത് നേടിയെടുക്കും വരെ നീളുന്ന വാശി. അങ്ങനെ വാശി പിടിച്ചതൊക്കെ സ്വന്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വാശി പിടുത്തം എല്ലാവർക്കും അറിയാം. വലിയ കാര്യങ്ങൾക്കു വേണ്ടിയാണീ വാശികളൊക്കെയും. ഏറ്റവും വലിയ വാശി തന്നെ ഉയർത്തെഴുന്നേറ്റ കർത്താവിനെ നേരിൽ കാണണമെന്നതാണ്. അത് സുഹൃത്തുക്കളോട് ഉറക്കെ പറയുകയും ചെയ്യും. അതിൽ കുറഞ്ഞതൊന്നും അദ്ദേഹത്തിന് വേണ്ടാ പോലും. പക്ഷേ, ഒടുവിൽ അതു സംഭവിച്ചു; ആ വിശുദ്ധന്റെ വാശിക്കുമുമ്പിൽ ദൈവം സ്വയം താഴ്ന്നു, വാശിക്കാരനായ യുവാവിന്റെ മുമ്പിൽ യേശു പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പകച്ചു പോയി, ഇത്രയും പ്രതീക്ഷിച്ചു കാണില്ല. അവിശ്വസനീയതയോടെ നിന്ന അവനെ അരികിലേക്കു വിളിച്ചു. എല്ലാം മറന്ന് യുവാവ് യേശുവിന്റെ കാല്ക്കൽവീണ് അവനെ കർത്താവും ദൈവവുമായി ഏറ്റു പറഞ്ഞ് ആരാധിച്ചു. യേശുവിന്റെ ഈ പ്രിയ ശിഷ്യൻ തോമസും യേശുവും തമ്മിൽ അത്ര അടുപ്പമായിരുന്നു. അതുകൊണ്ടുതന്നെ തോമസ് ആഗ്രഹിച്ചാൽ യേശുവിന് അടുത്തുവരാതിരിക്കാൻ കഴിയില്ലല്ലോ. യേശുവിനറിയാം ശിശുവിന്റേതുപോലെ നിഷ്കളങ്ക സ്നേഹമാണ് തോമസിന്റേതെന്ന്. യേശുവിനെ നേരിൽ കാണണം, തൊട്ടനുഭവിക്കണം. മറ്റുള്ളവർ പറഞ്ഞറിഞ്ഞാൽ പോരാ. ശിശുതുല്യമായ സ്നേഹവാശി. സ്നേഹംകൊണ്ട് യേശുവിന്റെ സോഫ്റ്റ് കോർണറിൽ അദ്ദേഹം തൊട്ടിരിക്കുന്നു. സ്നേഹം തന്നെയായ യേശുവിന്റെ ബലഹീനതയും സ്നേഹമാണല്ലോ. കുഞ്ഞുങ്ങളെപ്പോലെ വാശി പിടിക്കുന്ന തോമസിന്റെ സ്നേഹത്തിനുമുമ്പിൽ പിതൃവാത്സല്യം കവിഞ്ഞൊഴുകുന്ന ഹൃദയം തുറന്ന് കാണിച്ചുകൊണ്ട്, പേരുചൊല്ലി വിളിച്ച്, അവിടുന്ന് അവന്റെ മുമ്പിൽ എത്തുകയാണ് (യോഹന്നാൻ 20:26,27).

ഇദ്ദേഹത്തിന്റെ മറ്റൊരു വാശിയും പ്രസിദ്ധമാണ്. പരിശുദ്ധ അമ്മയുടെ മരണസമയം തോമാശ്ലീഹാ ഇന്ത്യയിൽ സുവിശേഷ പ്രഘോഷണത്തിലായിരുന്നു. അതിനാൽ അമ്മയുടെ അരികിലുണ്ടാകാൻ കഴിഞ്ഞില്ല. അദ്ദേഹം എത്തിയപ്പോഴേക്കും മാതാവിന്റെ മൃതസംസ്കാരം കഴിഞ്ഞിരുന്നു. എന്നാൽ തനിക്ക് പരിശുദ്ധ അമ്മയെ കാണണമെന്ന് അദ്ദേഹം വാശിപിടിച്ചു. തദനുസൃതം മാതാവിന്റെ മൃതപേടകം തുറന്നു. അപ്പോൾ ആത്മശരീരങ്ങളോടെ മാതാവ് സ്വർഗാരോഹിതയാകുന്നത് ദർശിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചുവെന്നും അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം പരിശുദ്ധ അമ്മ തന്റെ ഇടക്കെട്ട് അദ്ദേഹത്തിന് കൊടുത്തു എന്ന് ലിഖിതങ്ങളിൽ കാണാൻ കഴിയും. ചില പാരമ്പര്യ സംഭവങ്ങളിൽനിന്നും ഒരു കാര്യം വ്യക്തമാണ്, തോമാശ്ലീഹാ ഒന്നുവാശിപിടിച്ചാൽ യേശുവിനും മാതാവിനും നിഷേധിക്കാൻ കഴിയില്ല. അവർ അത് ചെയ്തുകൊടുത്തിരിക്കും. 'യഹോവ എന്റെ പ്രാർഥനയും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു'. (സങ്കീർത്തനങ്ങൾ 116 : 1). മാത്രമല്ല, തോമാശ്ലീഹായുടെ പ്രത്യേകതയനുസരിച്ച് വാശിപിടിക്കുന്നവ അദ്ദേഹം നേടിയെടുത്തിരിക്കും. അനേകനാളുകളായി പ്രാർത്ഥിച്ചിട്ടും കാര്യങ്ങൾക്കും ഉത്തരമില്ലേ? ദൈവതിരുമുമ്പിൽ നിന്നും കിട്ടുന്നതുവരെ വാശിയോടെ പ്രാർത്ഥിക്കണമെന്ന് വാശിക്കാരൻ വിശുദ്ധനോട് വാശിയോടെ പറയണം; അദ്ദേഹം അതെല്ലാം നേടിത്തരും. യേശുവിനെയും മാതാവിനെയും കാണണം എന്നതാണോ ആഗ്രഹം? നമ്മുടെ തോമസ് അപ്പോസ്തോലനോട് പറഞ്ഞാൽ മതി. അദ്ദേഹത്തിന് നമ്മെ മനസിലാകുമെന്നതിനാൽ അതും സാധ്യമാക്കും. കാരണം യേശുവിനും മാതാവിനും തോമസ് അത്ര പ്രിയങ്കരനാണ്, അദ്ദേഹത്തോട് 'നോ' പറയാൻ അവർക്ക് പറ്റില്ല. 'ഒരുത്തൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിലോ അവനെ അറിഞ്ഞിരിക്കുന്നു'. (1 കൊരിന്ത്യർ 8 : 3). ദൈവമായ കർത്താവേ, അങ്ങയെയും അങ്ങേ മാതാവിനെയും ആഴമായി സ്നേഹിച്ച് നിങ്ങളുടെ പ്രിയപ്പെട്ടവരായിത്തീരാനുള്ള കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്ന ഈ നാളുകളിൽ ആ പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

സ്നേഹപൂർവ്വം,

ജിജോ പുതുപ്പള്ളി അച്ചൻ

## Hearty Welcome to our new vicar
## Rev. Fr. Adv. Dr. Shaji George



Achen hails from Chenneerkara in Pathanamthitta District. He had his Post Graduation in Physics from Nagpur University and joined Orthodox Theological Seminary, Kottayam. He was ordained as a priest by HG Job Mar Philoxenos in 1993 for the diocese of Delhi and he joined St. Mary's Cathedral, Hauz Khas as its Assistant Vicar. From there till Sharjah, he served in most of the prominent churches of the Diocese incuding St. Thomas Cathedral Dubai.

During this time he completed LLM with second rank and started practicing in the Supreme Court of India as an Advocate. He completed PHD in human rights and later acknowledging his contributions, German Ecumenical University honoured him with another honorary Doctorate.

Achen's Kochamma Mrs. Sunitha Shaji was working in St. Pauls School Delhi as it's Vice Principal. His elder daughter Sneha Mariam Shaji is married to Alen Joe Thomas of Dubai St. Thomas Church and she is working as a doctor in Believers Hospital Thiruvalla.

His son Aaron Joe Shaji is pursuing his B.Tech from Christ College, Bangalore.

**We whole heartedly welcome beloved Achen to our church and wish him a blessed service here.**

# ജൂലൈ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

**ജൂലൈ 5**



ഏഴാം മാർത്തോമാ (കോലഞ്ചേരി)

**ജൂലൈ 7**



സഖറിയ മാർ ദിവന്നാസ്യോസ പത്തനാപുരം മൗണ്ട് താബോർ ആശ്രമം

**ജൂലൈ 11**



പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് കോട്ടയം പഴയ സെമിനാരി

**ജൂലൈ 12**




പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന)

**ജൂലൈ 15**



മാർ കുറിയാക്കോസ് സഹദായുടെയും മാതാവ് മാർത്ത യുലീത്തിയുടെയും ഓർമ്മ

**ജൂലൈ 20**




മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ

**ജൂലൈ 22**



മറിയം മഗ്ദലൈത്തായുടെ ഓർമ്മ

**ജൂലൈ 23**



ഗീവർഗീസ് മാർ ദിയസ്ക്കോറസ് റാന്നി ഹോളി ട്രിനിറ്റി ആശ്രമം

**ജൂലൈ 27**



മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ

## തോമൂസ് – ജൂലൈ

3. വി. മാർതോമ്മാ ശ്ലീഹായുടെ ദുക്റോനോ.
5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 215-ാം ഓർമ്മ. (കോലഞ്ചേരി പള്ളി).
7. **പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായറാഴ്ച.** മിഷൻ സൺഡേ. സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 27-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 251-ാം ഓർമ്മ. (മുളന്തുരുത്തി പള്ളി).
11. കോട്ടയം എം. ഡി. സെമിനാരി സ്ഥാപകൻ *മലങ്കര സഭാ തേജസ്* പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് V മെത്രാപ്പോലീത്തായുടെ 115-ാം ഓർമ്മ. (കോട്ടയം പഴയ സെമിനാരി).
12. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 3-ാം ഓർമ്മ. (കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന).
14. **പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായറാഴ്ച.**
15. മാർ കുറിയാക്കോസ് സഹദായുടെയും, മാതാവ് മർത്ത് യൂലിത്തിയുടെയും, നിഖ്യായിലെ മാർ അബഹായിയുടെയും ഓർമ്മ.
20. മാർ ഏലിയാ ദീർഘദർശിയുടെ ഓർമ്മ.
21. **പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായറാഴ്ച.**
22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.
23. ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ. (റാന്നി ഹോളി ട്രിനിറ്റി ആശ്രമം).
25. കുപ്രോസിലെ മാർ എപ്പിഫാനിയോസിന്റെ ഓർമ്മ.
27. മാർ ശെമവൂൻ ദെസ്തുനോയോയുടെ ഓർമ്മ.
28. **പെന്തിക്കോസ്തിക്കുശേഷം പത്താം ഞായറാഴ്ച.**
31. മാർ ഗ്രീഗോറിയോസ് ബാർ എബ്രായയുടെ 738-ാം ഓർമ്മ.

## 2024 ജൂലൈ മാസം – ഒറ്റനോട്ടത്തിൽ

3. ഉപവാസ പ്രാർത്ഥന / പ്രാർത്ഥനാ യോഗം
5. വി.കുർബ്ബാന
6. വി.കുർബ്ബാന / പ്രാർത്ഥനാ യോഗം
7. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)
10. ഉപവാസ പ്രാർത്ഥന / പ്രാർത്ഥനാ യോഗം
11. പ്രാർത്ഥനാ യോഗം
12. വി.കുർബ്ബാന
13. വി.കുർബ്ബാന / പ്രാർത്ഥനാ യോഗം
14. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)
15. പ്രാർത്ഥനാ യോഗം
17. ഉപവാസ പ്രാർത്ഥന
19. വി.കുർബ്ബാന
20. വി.കുർബ്ബാന / പ്രാർത്ഥനാ യോഗം
21. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
24. ഉപവാസപ്രാർത്ഥന / പ്രാർത്ഥനാ യോഗം
26. വി.കുർബ്ബാന
27. വി.കുർബ്ബാന / പ്രാർത്ഥനാ യോഗം
28. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)
31. ഉപവാസ പ്രാർത്ഥന

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:30 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday Evening | 6:15 pm | Evening Prayer |
| | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:45 am | Night Prayer, 5.15 am - Morning Prayer |
| | 5:45 am | Holy Qurbana |

| | | |
|---|---|---|
| Other Days | 6.00 am | Night Prayer, Morning Prayer |
| | 7.00 pm | Evening Prayer |

## വി. വേദവായന കുറിപ്പ്


ജൂലൈ 7 : പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള ഏഴാം ഞായറാഴ്ച. **(വി.മർക്കോസ് 3 : 20-30)**

ജൂലൈ 14 : പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള എട്ടാം ഞായറാഴ്ച. **(വി. യോഹന്നാൻ 6 : 47-59)**

ജൂലൈ 7 : പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള ഏഴാം ഞായറാഴ്ച. **(വി.മർക്കോസ് 3 : 20-30)**

ജൂലൈ 14 : പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള എട്ടാം ഞായറാഴ്ച. **(വി. യോഹന്നാൻ 6 : 47-59)**

# Farewell to the Outgoing Vicar
# On Sunday 28th July 2024 at 10.30 a.m.



Very Revd. Philip M. Samuel Cor Episcopos Relieving on Superannuation from the Diocese of Delhi after a praise-worthy service of Thirty Eight and a half years in various Parishes and Institutions. (1986 February – 2024 June).

In recognition to the remarkable and note-worthy service rendered towards the Diocese, Parishes and Institutions, the Diocesan Metropolitan H.G. Dr.Youhanon Mar Demetrios elevated him to the rank of Cor Episcopos in consensus with His Holiness the Catholicos, the Supreme Head of the Church on 23rd November 2019.

The Cor Episcopos took over the charge as Vicar of Sharjah Parish on 12th February 2021 at a crucial circumstance. During his tenure (Feb. 2021- June 2024) he excelled himself as an able administrator and an ardent Spiritual Shepherd. He was endeared to everybody by his matured and affectionate approach and dealings. It is a well-accepted fact that during his tenure the Sharjah Parish got some new insights, maintained a good name and fame in all realms especially in the Ecumenical field. It is also worthy to mention that he kept a good rapport with the Govt. Authorities and other Depts.

Our Prayers and Thanks always be with him and his family for their well-being. May God grant him a long healthy and peaceful life and enable to serve God and His people according to His Will.

All the Best Wishes.

കുട്ടികളുടെ വായനാവിഭാഗം

# ബുദ്ധിമാനായ വൃദ്ധന്റെ അനുസരണയുള്ള മകൻ

**മീവൽ**



ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യത്തെ എല്ലാ വൃദ്ധരെയും നാടുകടത്താനും, അതിനു തയ്യാറാകാത്തവരെ കൊന്നുകളയണമെന്നും ഉത്തരവിറക്കി. രാജാവിന്റെ ആജ്ഞയല്ലേ; പട്ടാളക്കാർ ഓരോ വൃദ്ധരെയും കണ്ടുപിടിച്ച് നാടുകടത്തി, എതിർത്തവരെയെല്ലാം കൊന്നൊടുക്കി. എന്നാൽ ഒരു മകൻ തന്റെ വൃദ്ധപിതാവിനെ ആരും അറിയാതെ ഭൂമിക്കടിയിൽ നിലവറ ഉണ്ടാക്കി രക്ഷപ്പെടുത്തി. അധികം താമസിയ്ക്കാതെ രാജ്യത്ത് കൊടിയ ഭക്ഷ്യക്ഷാമം തുടങ്ങി മതിയായ ഭക്ഷണം കിട്ടാതെ ആളുകൾ മരണപ്പെട്ടു. ഒടുവിൽ കൃഷി ചെയ്യാൻ പോലും ഒരു മണി നെല്ല് കിട്ടാതെ ജനം വലഞ്ഞു. കൃഷി ചെയ്യാനുള്ള വിത്തുകൾ ശേഖരിക്കാൻ രാജാവ് ഉത്തരവിട്ടു. പടയാളികൾ വീട് വീടാന്തരം കയറിയിറങ്ങി വിത്തുകൾ അന്വേഷിച്ചു. എവിടെ നിന്ന് കിട്ടാൻ? രക്ഷയില്ലാതെ വന്നപ്പോൾ ആളുകൾ രാജ്യം വിട്ടു പോകാൻ തുടങ്ങി. പിതാവിനെ രഹസ്യമായി പാർപ്പിച്ച മകൻ ഒരു ദിവസം അച്ഛനെ കണ്ടു പറഞ്ഞു; ഇനി നാം ഇവിടെ നിന്നിട്ട് കാര്യമില്ല, ഭക്ഷണമില്ലെന്ന് മാത്രമല്ല ഒരു ഭക്ഷ്യധാന്യത്തിന്റെയും വിത്തു പോലും കിട്ടാനില്ല അതുകൊണ്ട് പട്ടിണികിടന്ന് മരിക്കാതെ നമുക്ക് സ്ഥലം വിടാം. എന്നാൽ ആ പിതാവ് അതിനു സമ്മതിച്ചില്ല. 'നീ നമ്മുടെ ഗ്രാമത്തോട് ചേർന്ന് താഴ്‌വരയിൽ നാളെ മുതൽ കലപ്പകൊണ്ട് ഉഴുത് എന്നും വെള്ളവും വളവും ഇടണം, അവിടെ കൃഷി ചെയ്യണം'. ഒരുതരി വിത്തില്ലാതെ എങ്ങനെയാ കൃഷി ചെയ്യുക എന്ന് മകൻ സംശയം ചോദിച്ചു. എന്നാൽ പിതാവ് താൻ പറയുന്നതുപോലെ ചെയ്യാൻ അവനോട് ആവശ്യപ്പെട്ടു. അനുസരണശീലം ഉള്ള ആ മകൻ താഴ്‌വാരത്തിലെ മണ്ണിനെ ഉഴുതുമറിച്ചു വെള്ളവും വളവും വിതറി. വിത്തില്ലാതെ കൃഷി ചെയ്യുന്ന അവന്റെ പ്രവൃത്തി കണ്ട് അവനു ഭ്രാന്തായെന്ന് എല്ലാവരും വിശ്വസിച്ചു. ആളുകൾ കളിയാക്കി, പക്ഷേ മകൻ അത് കേട്ട് പിന്മാറിയില്ല. അവൻ അച്ഛന്റെ വാക്ക് അക്ഷരംപ്രതി അനുസരിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മകൻ ഉഴുതുമറിച്ച ഭൂമിയിൽ നെല്ലിന്റെ പുതുനാമ്പുകൾ തലപൊക്കി. നിമിഷനേരത്തിനുള്ളിൽ ജനം അവിടെ ഒഴുകിയെത്തി.വിവരം അറിഞ്ഞ രാജാവ് അവനെ പിടിച്ചു കൊണ്ടു വരാൻ ഉത്തരവിട്ടു. പടയാളികളെ അവനെ രാജസന്നിധിയിൽ എത്തിച്ചു. നെൽവിത്തുകൾ ഒളിപ്പിച്ചുവെച്ച നിനക്ക് രാജ്യദ്രോഹത്തിന് നാം ശിക്ഷ വിധിക്കുന്നു. 'പ്രഭോ മരിക്കുന്നതിനുമുമ്പ് എനിക്കൊരു ആഗ്രഹമുണ്ട്. അങ്ങയുടെ കല്പന അനുസരിക്കാതെ ഞാൻ എന്റെ പിതാവിനെ വീടിന്റെ നിലവറയിൽ ഒളിപ്പിച്ചു സംരക്ഷിക്കുകയായിരുന്നു. എന്റെ പിതാവിന്റെ നിർദ്ദേശപ്രകാരമാണ് ഞാൻ അവിടെ ഉഴുതുമറിച്ച് വെള്ളം ഒഴിച്ചത്. ഒരു വിത്ത് പോലും എന്റെ പക്കൽ ഇല്ലായിരുന്നു. അവിടെ നെൽവിത്തുകൾ മുളച്ചതിന്റെ രഹസ്യം എന്റെ പിതാവിൽ നിന്നും അറിയാൻ എനിക്കും ആഗ്രഹമുണ്ട് '. മകൻ രാജാവിനോട് അപേക്ഷിച്ചു. ഉടനെ തന്നെ പിതാവിനെ പിടിച്ചുകൊണ്ടുവരുവാൻ രാജാവ് കൽപ്പിച്ചു. രാജസന്നിധിയിൽ എത്തിയ വൃദ്ധനോട് രാജാവ് വിത്ത് വിതയ്ക്കാതെ നെൽച്ചെടികൾ വളർന്നത് എങ്ങനെ എന്ന് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു 'രാജൻ എല്ലാ കൊല്ലവും ധാന്യങ്ങൾ നിറച്ച വണ്ടിയുമായി അയൽ രാജ്യത്തേക്ക് വില്പനയ്ക്ക് ഞങ്ങൾ പോയിരുന്നത് ആ കുന്നിന്റെ താഴ്‌വരയിൽ കൂടിയായിരുന്നു. ദുർഘടമായ ആ വഴിയിലൂടെ പോകുമ്പോൾ കാളവണ്ടികളുടെ ചക്രങ്ങൾ കുലുങ്ങി നെൽവിത്ത് ആ മണ്ണിൽ വീണുപോകും. അതുകൊണ്ടാണ് അവിടെ ഉഴുതു മറിക്കാനും വെള്ളം ഒഴിക്കാനും ഞാൻ മകനോട് പറഞ്ഞത്. അവിടെ ഉറങ്ങിക്കിടക്കുന്ന വിത്തുകൾ ആവശ്യത്തിന് വെള്ളവും വെളിച്ചവും കിട്ടുമ്പോൾ മുളയ്ക്കുമെന്നു എനിക്ക് അറിയാമായിരുന്നു. രാജാവ് അതിശയത്തോടെ വൃദ്ധന്റെ വാക്കുകൾ കേട്ടിരുന്നു. നാട്ടിലെ വൃദ്ധരെയെല്ലാം നാടുകടത്തിയ താൻ എന്ത് മണ്ടത്തരമാണ് ചെയ്തതെന്ന് തിരിച്ചറിഞ്ഞു. വൃദ്ധ പിതാവിന് കൈ നിറയെ സമ്മാനം കൊടുത്ത രാജാവ് നാടുകടത്തിയ വൃദ്ധരെയെല്ലാം തിരികെയെത്തിക്കാൻ ഉത്തരവിടുകയും ചെയ്തു.

**വർത്തമാനകാലം: ഉറങ്ങിയും ഉറക്കം നടിച്ചും കിടക്കുന്ന വിത്തുകൾ. വെള്ളവും വളവും, വെളിച്ചവും നൽകാനോ, അതിനായി ഉപദേശിക്കാനോ തയ്യാറാകാത്ത പുരോഗമനവാദികൾ !**

## AREA PRAYER MEETINGS

| AREA | DAY OF THE MEETING | HOSTED BY |
|---|---|---|
| Umm Al Quwain | 03/07/2024 Wednesday 7.30 PM - 9.00 PM | Well Wishers |
| Abu Shagarah | 06/07/2024 Saturday 8.00 PM - 9.00 PM | Mr. Rajankunju V Thomas & Family ( R-257)<br>Mr. Jacob George & Family ( J-305)<br>Mr. Sanal T Abraham & Family (S-509)" |
| Sharq | 06/07/2024 Saturday 8.00 PM - 9.00 PM | Mr. Saji Idiculla (S-529), Mr. Varghese K Mammen (V-055),<br>Mr. Mathew Abraham (M-208) |
| Sharjah Cinema | 10/07/2024 Wednesday 8.00 PM - 9.00 PM | Well Wishers |
| Rolla | 11/07/2024 Thursday 8.00 PM - 9.00 PM | Mr. Soji Abraham Oommen & Family (S-222) |
| Al Nadha, Al Wahada, Dubai | 13/07/2024 Saturday 8.00 PM - 9.00 PM | Mr. Shiju Jacob John & Family (S-744)<br>Mr. Leen Koshy Samuel & Family (L-013)" |
| Musalla & Al Yarmook | 13/07/2024 Saturday 8.00 PM - 9.00 PM | Mr. Mathew K.M & Family (M-247) |
| Maisaloon | 15/07/2024 Monday 8.00 PM - 9.00 PM | Mr. Binumon & Family (T-B215)<br>Mr. Sajiv Kuruvilla Zachariah & Family (S-114)" |
| Ajman Karama, Ajman Sanaiya | 20/07/2024 Saturday 8.00 PM - 9.00 PM | Mr. Baiju Papachan (B-381), Mr. Boby Zachariah (B-234),<br>Mr. Byju Banu (B-067) , Mr. Aneesh Thomas Kannamthanam |
| Al Khazamia, B.M.W, Sharjah University | 24/07/2024 Wednesday 8.15 PM - 9.15PM | Well Wishers |
| Old Airport | 27/07/2024 Saturday 8.00 PM - 9.00 PM | Mr. Kochu Koshy Varghese (K-0114), Mr. Shibu Raj & Family (S-542) |

### DIRECTORY UPDATION

ഇടവകയുടെ 2024 ലെ ഡയറക്ടറിയുടെ വിവരശേഖരണവും എഡിറ്റിങ്ങും അവസാന ഘട്ടത്തിലേക്ക് കടക്കുന്നതിനാൽ എല്ലാ ഇടവകാംഗങ്ങളും ജൂലൈ 31ന് മുൻപായി തന്നെ ഇടവകയുടെ വെബ്സൈറ്റ് മുഖാന്തിരമോ ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോമിയിലൂടെയോ ഫോട്ടോ സഹിതം വിശദാംശങ്ങൾ നൽകേണ്ടതാണെന്ന് അറിയിക്കുന്നു.

All members are requested to fillup the directory updating form through website or the form available in church office along with photos on or before July 31st since the data collection and editing of the same is at final stage.

### യാത്രയയപ്പ്



**JOSE V JOHN - J-106**
1999 – മുതൽ ഇടവകാംഗം



**JACOB K VARUGHESE - J-420**
1999 – മുതൽ ഇടവകാംഗം



**DEENA PRAKASH - D-040**
2012 – മുതൽ ഇടവകാംഗം



**SUNU P KURIAKOSE - S-275**
2007 – മുതൽ ഇടവകാംഗം

**LIJO JOHN - L-083** - 2020 – മുതൽ ഇടവകാംഗം

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

### അഭിനന്ദനങ്ങൾ



2023 വർഷത്തെ അഖില മലങ്കര മർത്തമറിയം വനിതാ സമാജത്തിന്റെ കേന്ദ്ര പരീക്ഷയിൽ ഷാർജ മർത്ത്മറിയം യൂണിറ്റ് അംഗം **ശ്രീമതി. ബിനി സുനിൽ** രണ്ടാം റാങ്ക് കരസ്ഥമാക്കി



മലയാളം മിഷൻ സുഗതാഞ്ജലി ഷാർജ ചാപ്റ്റർ കാവ്യാലാപന മത്സരം സീനിയർ വിഭാഗത്തിൽ നമ്മുടെ വിദ്യാർത്ഥിനി **കുമാരി. ഏഞ്ചലിൻ. കെ. മാത്യു** ഒന്നാംസ്ഥാനം കരസ്ഥമാക്കി.

### UMM AL QUWAIN SERVICE

2024 ജൂലൈ 17 ബുധനാഴ്ച 7.00 PM ന് UAQ Prayer Hall ൽ വെച്ച് സന്ധ്യാനമസ്കാരവും തുടർന്ന് വിശുദ്ധകുർബ്ബാനയും നടത്തപ്പെടുന്നതാണ്.

LOCATION

### ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-434 | AJI MATHEW | SJU | 050-3204668 |
| A-435 | ALEX JOHN | MLN | 050-8909639 |
| A-436 | AJU THOMAS THARAKAN | BMW | 050-5428210 |
| A-437 | AKHIL PHILIP | MLN | 056-5701215 |
| A-438 | ABRAHAM P PHILIPOSE | SJU | 052-3064549 |
| B-452 | BYJU PAUL C | UAQ | 055-5500703 |
| B-453 | BOBIN RAJAN | MSL | 052-3076988 |
| B-454 | BINU KUNJUKUTTY THOMAS | DXB | 050-7857015 |
| B-455 | BIJOY THOMAS | MLN | 055-8082896 |
| B-456 | BIGI THOMAS | MSL | 052-6563307 |
| J-807 | JITTO C REJI | OAI | 052-2527876 |
| J-808 | JINO RAJU | AKZ | 052-2856823 |
| J-809 | JOEL IVAN KORAH | ABS | 050-9469550 |
| J-810 | JERIN CHERIAN ALEX MUTHALALY | SJU | 056-3467858 |
| J-811 | JESTIN SAM JOSE | SJU | 055-8594480 |
| J-812 | JOJU SAMUEL JOHNSON | AKZ | 058-1956895 |
| K-119 | KRISTIN SUSAN KOSHY | MSL | 052-8833237 |
| L-116 | LIBIN MATHEW | BMW | 050-5916938 |
| M-355 | MINI LALACHAN | AKZ | 056-3562885 |
| N-083 | NESIN SURESH ABRAHAM | AND | 056-4639930 |
| R-419 | RENJEN IDICULLA KALLELIL | DXB | 050-5288265 |
| S-874 | SIJI THOMAS | SRQ | 050-8821756 |
| S-875 | SAJEESH MATHEW | ABS | 050-3075718 |
| S-876 | SAJU THOMAS | AWK | 056-8359990 |
| S-877 | SARIN VARGHESE | DXB | 050-3494290 |
| S-878 | SIBI ZACHARIAH ABRAHAM | OAI | 056-2627256 |
| V-233 | VIBIN P PHILIP | SJU | 052-4743858 |

## MARTH MARIYAM VANITHASAMAJAM

* റെഗുലർ മീറ്റിംഗ് ജൂലൈ 14, 28 വി.കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്.
* Medical cell ജൂലൈ 7, 21 തീയതികളിൽ വി. കുർബാനയ്ക്കു ശേഷം പ്രവർത്തിക്കുന്നതാണ്.



അഖില മലങ്കര മർത്തമറിയം വനിതാ സമാജം 2023 വർഷത്തെ കേന്ദ്ര പരീക്ഷയിൽ ഷാർജ യൂണിറ്റിൽ നിന്നും വിജയികളായിട്ടുള്ള വർക്കും , 2024 യൂണിറ്റ് തലത്തിൽ നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ വിജയികളായിട്ടുള്ള വർക്കും വിശുദ്ധ കുർബാനന്തരം ട്രോഫി, സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

## SUNDAY SCHOOL ANNOUNCEMENTS

**SS Unit Level Annual Competitions : All events are successfully completed in June. Congratulations to all the Prize winners.**
**The practice sessions for the selected participants for UAE Sub-Regional competitions will be arranged during summer vacation.**
**UAE Sub-Regional Competitions-2024 will be held on Saturday 12th Oct. @SGOC-Sharjah.**
**Summer Camp will be arranged on Saturday 24th August.**
**Sunday School Re-opens on Sunday, 1st Sept. after the Summer Vacation.**



**Vicar's Farewell & New Vicar's Welcome meeting arranged by Sunday School, before closing for SS Summer Vacation.**


## MGOCSM



The regular meeting for the month of June was held on the 29th of June. This meeting was based on the theme - "Grow in Green". We had a vety inspirational session by Guest Speaker, Dr Anita Sophia Biju. We also had a special Farewell meeting to our dearest Vicar

## OCYM

യുവജന പ്രസ്ഥാനം റെഗുലർ മീറ്റിംഗ് എല്ലാ ഞായറാഴ്ച്ചകളിലും വിശുദ്ധ കുർബാനയ്ക് ശേഷം ഉണ്ടായിരിക്കുന്നതാണ്



ദുബായ് St: Thomas ഇടവകയിൽ വെച്ച് 02-06-2024 നടന്ന തെശ്ബു-ഹത്തോഗാനമത്സരത്തിൽ നമ്മുടെ യൂണിറ്റിനു രണ്ടാം സ്ഥാനം ലഭിച്ചു.



കുവൈറ്റ് ലേബർ ക്യാമ്പിലുണ്ടായ അഗ്നിബാധയിൽ മരണമടഞ്ഞ നമ്മുടെ സഭയുടെയും പ്രസ്ഥാനത്തിന്റെയും അംഗങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് 16-06-2024-ന് വി. കുർബ്ബാനയ്ക്ക് ശേഷം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രാർത്ഥന നടത്തപ്പെട്ടു.



യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 9-ാമത് ആറ്റുപുറത്തു വർക്കി വർഗ്ഗീസ് (ആനപാപ്പി) മെമ്മോറിയൽ എവറോളിങ് ബാഡ്മിന്റൺ ട്രോഫിയ്ക്ക് വേണ്ടിയുള്ള മത്സരം ഇടവകതലത്തിലും യു.എ.ഇ. സോണൽ തലത്തിലും നടത്തപ്പെട്ടു.



Arown Reji



Chris George Samson

**Mr Arown Reji** from MGOCSM Sharjah, has been appointed as the Zonal Secretary of the MGOCSM UAE Zone for 2024 and **Mr Chris George Samson** was selected as the Social Media Coordinator.

# സ്നേഹം നൽകി സ്നേഹം നേടിയെടുത്ത പിതാവ്

**ജിജോ പുതുപ്പള്ളി അച്ചൻ**



ജൂലൈ മാസം 12 എന്നത് മലങ്കര സഭയെ സംബന്ധിച്ച് ലോകമുള്ള കാലത്തോളം അഭിമാനത്തോടെ ഓർത്തിരിക്കുവാൻ ദൈവത്തിന്റെ പ്രതിരൂപമായും, നസ്രാണി പൗരുഷത്തിന്റെ പ്രതീകമായും സഭയെ നയിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ ബാവാ തിരുമേനിയുടെ ഓർമ്മ പെരുന്നാൾ ആകുന്നുവല്ലോ. ക്രിസ്തു തന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുത്ത പരിശുദ്ധ സഭയെ അതിന് സമാന്തരമായ പ്രയാസങ്ങളിലൂടെ കാത്തു പരിപാലിച്ച നല്ല ഇടയനായിരുന്നു പരിശുദ്ധ ബാവാ തിരുമേനി. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരുഢനായിരിക്കുമ്പോഴും സമൂഹത്തിലെ ഏറ്റവും താഴെ ജീവിക്കുന്ന മനുഷ്യരെപ്പോലും കരുതുവാനും, സ്നേഹിക്കുവാനും, ചേർത്ത് നിർത്തുവാനും അവരെ പേരു ചൊല്ലി വിളിക്കുവാനുമുള്ള ഹൃദയവിശാലത പരിശുദ്ധ പിതാവിൽ ദർശിക്കുവാൻ സാധിക്കും. വ്യക്തിപരമായി ഓരോരുത്തരും എന്റെ ബാവാ തിരുമേനി എന്ന് അഭിമാനപൂർവ്വം ആ പിതാവിനെ സ്മരിക്കുവാൻ തക്കവണ്ണം അത്രയ്ക്ക് ആഴത്തിൽ ഓരോരുത്തരുടെയും ഹൃദയത്തിൽ ആ പിതാവ് സ്ഥാനം പിടിച്ചു.

2017 ജൂലൈ 3-ലെ ബഹു. സുപ്രീംകോടതിയുടെ വിധി മലങ്കര സഭയുടെ ശാശ്വത സമാധാനത്തിനുള്ള മാർഗ്ഗമാണ് എന്ന് അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചു. വിട്ടുവീഴ്ചയ്ക്കുവേണ്ടി രാഷ്ട്രീയ പാർട്ടികളും ഇതര മത-സാമുദായിക സംഘടനകളും പലവിധത്തിൽ സ്വാധീനിക്കാൻ ശ്രമിച്ചപ്പോൾ തന്റെ സഭയ്ക്കുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ച ഈ പിതാവിന്റെ പ്രാർത്ഥനയും നേതൃത്വവുമാണ് പൂട്ടപ്പെട്ടു കിടന്ന 50ൽ പരം ദൈവാലയങ്ങൾ തുറന്ന് ആരാധന നടത്തുവാൻ ഇടയാക്കിയത്. പിതൃതുല്യമായ സ്നേഹത്തോടെ തന്റെ മക്കളെ മുഴുവനും കരുതിയ ഒരു പിതാവ്. തന്റെ സഭാ ശുശ്രൂഷയിൽ ലഭിച്ച സ്ഥാനങ്ങൾ ഒന്നും ആസ്വദിക്കുവാനായി ഉപയോഗിക്കാതെ കഷ്ടപ്പെടുവാനും മറ്റുള്ളവരെ സഹായിക്കുവാനും വേണ്ടി ഉപയോഗിച്ച ഒരു പിതാവാണ് പരിശുദ്ധ ബാവാ തിരുമേനി. തന്റെ ആയുസ്സ് മുഴുവൻ സഭക്കുവേണ്ടി ചെലവഴിച്ച പരിശുദ്ധ ബാവാ തിരുമേനി എല്ലാവരുടെയും സ്മൃതിപഥങ്ങളിൽ ഉന്നതമായ സ്ഥാനം വഹിക്കുന്നു. സ്നേഹം നൽകി സ്നേഹം നേടിയെടുത്ത ഒരു പിതാവാണ് പരിശുദ്ധ ബാവാ തിരുമേനി. പരിശുദ്ധ ബാവാ തിരുമേനിയുടെ ജീവിതത്തിന്റെ അവസാനം നാം ഓർക്കുമ്പോൾ അദ്ദേഹത്തിൻറെ വിശ്വാസത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. തനിക്കുള്ളതെല്ലാം ദാനം ചെയ്ത് പ്രത്യാശയോടെ അന്ത്യകൽപനയും എഴുതി എല്ലാരെയും അഭിസംബോധന ചെയ്ത് പ്രാർത്ഥനയുടെ ചിറകിലേറി സ്വർഗ്ഗീയ നാഥന്റെ സന്നിധിയിലേക്കുള്ള അവസാനയാത്ര സഭയെയും സമൂഹത്തെയും ഏറെ ഈറനണിയിച്ച സംഭവമാണ്. 'പുനരുത്ഥാനത്തിൽ അവർ മാലാഖമാരെ പോലെയാണ്.' എന്ന് കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ. ആ മാലാഖമാരുടെ വൃന്ദങ്ങളോടും വിശുദ്ധമാരോടും ചേർന്ന് കൈയിൽ കുരുത്തോലകൾ പിടിച്ചുകൊണ്ട് നമ്മുടെ കർത്താവിനെ ആരാധിക്കുന്നവരോടൊപ്പം സന്തോഷമണവറയിൽ ഈ പിതാവിനെയും നമുക്ക് കാണാമെന്ന് പ്രത്യാശിക്കുന്നു. പരിശുദ്ധ പിതാവിന്റെ ദീപ്തമായ സ്മരണയ്ക്കു മുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

'പരിശുദ്ധ പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.'

**പരിശുദ്ധ പിതാവിന്റെ ഓർമ്മ ജൂലൈ 14ന് ഞായറാഴ്ച കൊണ്ടാടുന്നു.**









**ഇടവകയുടെ പുതിയ വികാരിയായി ചുമതല ഏൽക്കുന്ന റവ.ഫാ.ഡോ.അഡ്വ. ഷാജി ജോർജിന് ഇടവക വികാരിമാരുടെയും മാനേജിങ് കമ്മിറ്റി അംഗങ്ങളുടെയും ഇടവക ജനങ്ങളുടെയും നേതൃത്വത്തിൽ ഷാർജ എയർപോർട്ടിലും തുടർന്ന് ദൈവാലയത്തിലും സ്നേഹോഷ്മളമായ സ്വീകരണം നൽകി.**

Private Circulation Only